പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1070 05/03/2020-ൽ മറുപടിക്ക്

**കെ-ടെറ്റ് പരീക്ഷയുടെ വിജയശതമാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കെ-ടെറ്റ് യോഗ്യത നേടുന്നതിന് നിലവിൽ എത്ര ശതമാനം മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്; | (എ) ജനറൽ കാറ്റഗറിക്ക് 60% (90 മാർക്ക്) ആയും, എസ്.സി/എസ്.റ്റി/ ഒ.ബി.സി/ഒ.ഇ.സി വിഭാഗങ്ങൾക്ക് മിനിമം മാർക്ക് 55% (82 മാർക്ക്) ആയും, പി.എച്ച്. വിഭാഗങ്ങൾക്ക് 50% (75 മാർക്ക്) ആയും നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) അദ്ധ്യാപക യോഗ്യതക്കുള്ള സെറ്റ്, എം.എഫിൽ, എം.എഡ്. തുടങ്ങിയ പരീക്ഷകൾ പാസ്സാകുവാൻ 50 ശതമാനം മാർക്ക് മതിയെന്നിരിക്കെ കെ-ടെറ്റ് യോഗ്യത നേടുവാൻ ഉയർന്ന മാർക്ക് നിശ്ചയിച്ചിട്ടുള്ളത് ഏത് സാഹചര്യത്തിലാണ്; | (ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ആണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാപരീക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. |
| (സി) 2019-ൽ നടത്തിയ കെ-ടെറ്റ് പരീക്ഷയുടെ വിജയശതമാനം എത്രയായിരുന്നു; | (സി) 2019 നവംബറിൽ നടന്ന കെ-ടെറ്റ് പരീക്ഷയുടെ വിജയ ശതമാനം 23.47% ആണ് |
| (ഡി) പ്രസ്തുത പരീക്ഷയ്ക്ക് യോഗ്യത നേടുന്നതിന് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്കിന്റെ ശതമാനം 50 ശതമാനമായി കുറക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | (ഡി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ആണ് അദ്ധ്യാപക യോഗ്യതാപരീക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ